പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

## തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1506 — 11-08-2017-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.സി.ജോസഫ് | | ഡോ. കെ.ടി. ജലീൽ (തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | തൊഴിലുറപ്പ് പദ്ധതിയിൽ 2015 ഏപ്രിൽ ഒന്നു മുതൽ 2016 മാർച്ച് 31 വരെയും 2016 ഏപ്രിൽ ഒന്നു മുതൽ 2017 മാർച്ച് 31 വരെയും എത്ര തൊഴിൽ ദിനങ്ങളിൽ ജോലി നൽകാൻ സാധിച്ചുവെന്ന് വെളിപ്പെടുത്താമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2015-16 സാമ്പത്തിക വർഷം സംസ്ഥാനത്ത് 741.74 ലക്ഷം തൊഴിൽ ദിനങ്ങളും, 2016-17 സാമ്പത്തിക വർഷം 684.62 ലക്ഷം തൊഴിൽ ദിനങ്ങളും സൃഷ്ടിക്കാൻ സാധിച്ചു. |
| (ബി) | മേൽപ്പറഞ്ഞ ഓരോ വർഷവും കൂലിയിനത്തിൽ എത്ര കോടി രൂപ സംസ്ഥാനത്തിന് ലഭിച്ചുവെന്ന് അറിയിക്കാമോ; | (ബി) | അവിദഗ്ദ്ധ കായിക വേതനയിനത്തിൽ 2015-16 സാമ്പത്തിക വർഷം സംസ്ഥാനത്ത് 1,38,953.89 ലക്ഷം രൂപയും, 2016-17 സാമ്പത്തിക വർഷം 1,38,670.92 ലക്ഷം രൂപയുമാണ് കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുള്ളത്. |
| (സി) | സ്ഥായിയായ ആസ്തി സൃഷ്ടിക്കാൻ കഴിയുന്ന രീതിയിൽ തൊഴിലുറപ്പ് പദ്ധതിയ്ക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ ? | (സി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ പരിഷ്കരിച്ച ഒന്നാം പട്ടിക പ്രകാരം അനുവദനീയമായ പ്രവൃത്തികളാണ് ഏറ്റെടുത്ത് നടത്തിവരുന്നത്. പ്രകടമല്ലാത്തതും അളന്ന് തിട്ടപ്പെടുത്താൻ കഴിയാത്തതും ആവർത്തന സ്വഭാവമുള്ളതുമായ പ്രവൃത്തികൾ ഇതുപ്രകാരം അനുവദനീയമല്ല. 2017-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ആന്വൽ മാസ്റ്റർ സർക്കുലറിൽ നിഷ്കർഷിച്ചിരിക്കും പ്രകാരമാണ് ഇപ്പോൾ പ്രവൃത്തികൾ നടന്നുവരുന്നത്. ഈ നിർദ്ദേശം പാലിക്കുന്നതിലൂടെ സംസ്ഥാനത്ത് പഞ്ചായത്തുകൾ മുഖേന സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കപ്പെട്ടു വരികയാണ്. |

സെക്ഷൻ ഓഫീസർ